# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1076 10.08.2017 ൽ മറുപടിക്ക്**

**കടുത്തുരുത്തി പി.ഡബ്ല്യു.ഡി റെസ്റ്റ് ഹൗസ് പ്രവർത്തനം ആരംഭിക്കുവാൻ നടപടി**

| ചോദ്യം<br>ശ്രീ.മോൻസ് ജോസഫ് | | ഉത്തരം<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കടുത്തുരുത്തി പി.ഡബ്ല്യു.ഡി റെസ്റ്റ് ഹൗസിന്റെ പണിപൂർത്തീകരിച്ചു വെങ്കിലും പ്രവർത്തനം ആരംഭിക്കുവാൻ കഴിയാത്ത സാഹചര്യം പരിശോധിച്ച് നടപടി സ്വീകരിക്കുമോ; | (എ) | കടുത്തുരുത്തി പി.ഡബ്ല്യു.ഡി റെസ്റ്റ് ഹൗസിന്റെ പണി പൂർത്തീകരിച്ചു എങ്കിലും ജീവനക്കാരുടെ തസ്തിക സൃഷ്ടിച്ചിട്ടില്ല. ടി തസ്തിക സൃഷ്ടിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | 11.05.2017,28.06.2017 എന്നീ തീയതികളിൽ ഇക്കാര്യം ചൂണ്ടിക്കാട്ടി ബഹു.മന്ത്രിക്കും ചീഫ് എഞ്ചിനീയർക്കും പരാതി നൽകിയതിന്റെ പെറ്റീഷൻ നമ്പരുകൾ അറിയിക്കാമോ; ഇത് സംബന്ധിച്ച പുരോഗതി വ്യക്തമാക്കാമോ? | (ബി) | ടി വിഷയം സംബന്ധിച്ച് 11.05.2017 ൽ ബഹു.പൊതുമരാമത്ത് വകുപ്പ് മന്ത്രിക്ക് ലഭിച്ച പരാതി 1455227/17/Min(PWD) നമ്പരായി പൊതു മരാമത്ത് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർക്ക് റിപ്പോർട്ടിനായി അയച്ചുകൊടുത്തിട്ടുണ്ട്. ഇതേ വിഷയം സംബന്ധിച്ച് 28.06.2017 ൽ തപാൽ നം.5950 ആയി ചീഫ് എഞ്ചിനീയർക്ക് ലഭിച്ച പരാതിയിൻമേൽ 17.07.2017 ന് മറുപടി ബഹു.എം.എൽ.എ.യ്ക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ